**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6540** **20-03-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ മത്സ്യ മാർക്കറ്റിന്റെ നവീകരണത്തിനായി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ സൗത്ത് പരവൂർ മത്സ്യ മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി കിഫ്ബിയുടെ അംഗീകാരം ലഭിച്ചിരുന്നു. പ്രവൃത്തി ഏർപ്പാടാക്കി വരുന്ന വേളയിൽ DSR റേറ്റ് റിവിഷൻ പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് നഗരസഭയുടെ നിലവിലെ ആവശ്യങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട്, എസ്റ്റിമേറ്റ് DSR 2018 പ്രകാരം പുതുക്കുകയും റിവൈസ്ഡ് ഫണ്ടിംഗ് സാങ്ഷൻ ലഭ്യമാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലുൾപ്പെട്ട പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നിവിടങ്ങളിലെ മത്സ്യ മാർക്കറ്റുകൾക്കായി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന മത്സ്യ മാർക്കറ്റുകളുടെ പ്രവൃത്തി പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പാരിപ്പള്ളി മത്സ്യ മാർക്കറ്റ് നിർമ്മാണം | 302.63 | മണ്ണ് പരിശോധന പൂർത്തീകരിച്ചു. സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 2 | ചാത്തന്നൂർ മത്സ്യ മാർക്കറ്റ് നിർമ്മാണം | 528.06 | ദർഘാസ് നടപടികൾ സ്വീകരിച്ചു. കിഫ്ബി അംഗീകാരത്തിനായി പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) സമർപ്പിച്ചിരിക്കുന്നു. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |
| 3 | കൊട്ടിയം മത്സ്യ മാർക്കറ്റ് നിർമ്മാണം | 226.22 | മണ്ണ് പരിശോധന പൂർത്തീകരിച്ചു. സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

Sbitha.

സെക്ഷൻ ഓഫീസർ